# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം **നം.834**

**05.02.2020** -ൽ മറുപടിയ്ക്ക്

## പട്ടയഭൂമിയിലെ മരം മുറിക്കാൻ പട്ടാദാർക്ക് അവകാശം

ചോദ്യം

ശ്രീ. ആന്റണി ജോൺ :

മറുപടി

അഡ്വ.കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

(എ) 03.09.2019-ൽ വനം വകുപ്പ്, റവന്യൂ വകുപ്പ് മന്ത്രിമാർ, എം.എൽ.എ.മാർ, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്ത യോഗത്തിൽ പട്ടയഭൂമിയിലെ മരങ്ങൾ മുറിച്ച് മാറ്റുവാൻ പട്ടാദാർക്ക് അവകാശം നൽകുവാൻ ധാരണയായിരുന്നോ; പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച തുടർ നടപടി വിശദമാക്കാമോ;

(എ) വനം - റവന്യൂ വകുപ്പ് മന്ത്രിമാരുടെയും ഉദ്യോഗസ്ഥൻമാരുടെയും സാന്നിദ്ധ്യത്തിൽ 03.09.19 - ൽ ചർച്ച നടത്തുകയും പട്ടയ സ്ഥലങ്ങളിൽ പട്ടയം ലഭ്യമായതിനുശേഷം പട്ടാദാർമാർ നട്ടുപിടിപ്പിച്ചവയും സ്വമേധയാ കിളിർത്തുവരുന്നതുമായ എല്ലാ മരങ്ങളുടെയും അവകാശം പട്ടാദാർക്ക് നൽകുന്നതിനായി തുടർ നടപടി റവന്യൂ വകുപ്പ് സ്വീകരിക്കുവാൻ ധാരണയാകുകയും ഉണ്ടായി.

തുടർന്ന് 05/12/2019 ന ബഹു. റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഈ വിഷയം കുറച്ചു കൂടി വിശദമായി ചർച്ച ചെയ്യേണ്ടതാണെന്നും, വനം വകുപ്പിന്റെ സൗകര്യം കൂടി ആരാഞ്ഞ് ഒരു തീയതി നിശ്ചയിക്കാമെന്നും ബഹു. റവന്യൂ മന്ത്രി നിർദ്ദേശിച്ചു.

| | | | |
|---|---|---|---|
| (ബി) | പട്ടയഭൂമിയിലെ മരങ്ങൾ മുറിച്ച് മാറ്റുവാൻ നാളിതുവരെയായും പട്ടാദാർക്ക് അവകാശം ലഭിച്ചിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>1960 ലെ The Kerala Land Assignment Act ന് കീഴിലുള്ള വിവിധ ചട്ടങ്ങൾ പ്രകാരം പട്ടയങ്ങൾ നൽകിയതിന് ശേഷം ടി പട്ടയ സ്ഥലത്ത് നട്ടുപിടിപ്പിച്ചവയും, സ്വമേധയ കിളിർത്തു വരുന്നതുമായ എല്ലാ മരങ്ങളുടെയും അവകാശം പട്ടാദാർമാർക്ക് നൽകുന്നതിന് വനം വകുപ്പിന് അനുകൂലമായ നിലപാടാണ് ഉള്ളത്. ഇത് സംബന്ധിച്ച തുടർ ചർച്ചകൾ റവന്യൂ വകുപ്പ് നടത്തി വരുന്നു. |
| (സി) | പട്ടയഭൂമിയിൽ നട്ടുവളർത്തിയതും അല്ലാത്തതുമായ മരങ്ങളുടെ ഉടമസ്ഥാവകാശം പട്ടാദാർക്ക് നൽകുന്നതിനു വേണ്ടിയുള്ള നടപടി ക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | 1960 ലെ The Kerala Land Assignment Act ന് കീഴിലുള്ള വിവിധ ചട്ടങ്ങൾ പ്രകാരം പട്ടയങ്ങൾ നൽകിയതിന് ശേഷം ടി പട്ടയ സ്ഥലത്ത് നട്ടുപിടിപ്പിച്ചവയും, സ്വമേധയ കിളിർത്തു വരുന്നതുമായ എല്ലാ മരങ്ങളുടെയും അവകാശം പട്ടാദാർമാർക്ക് നൽകുന്നതിന് വനം വകുപ്പിന് അനുകൂലമായ നിലപാടാണ് ഉള്ളത്. ഇത് സംബന്ധിച്ച തുടർ ചർച്ചകൾ റവന്യൂ വകുപ്പ് നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ